ഡെക് ഹാന്റ് - 3 (ദിവസക്കൂലി അടിസ്ഥാനത്തിൽ)

(സി)	ശമ്പളയിനത്തിൽ ചെലവ് രൂപ	ഇന്ധന ചെലവ് രൂപ
	1998-99 -3,98,716	79,000
	1999-2000 4,02,801	2,17,694 (11/99 വരെ)

(ഡി) ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

(ഇ) ഈ ബോട്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാൽ പകരം സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതില്ല.

റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ ക്വാർട്ടേഴ്സുകൾ

190 (901)ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ അഭയാർത്ഥി കുടുംബങ്ങളെ പുനരധിവസിച്ചപ്പോൾ എല്ലാ കുടുംബങ്ങൾക്കും ക്വാർട്ടേഴ്സ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കുടുംബങ്ങൾക്ക് എത്ര ക്വാർട്ടേഴ്സുകളാണ് നൽകിയിരുന്നത്;

(സി) ഇവയുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താറുണ്ടോ;

(ഡി) എങ്കിൽ 1994 മുതൽ ഓരോ വർഷവും എത്ര ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണി നടത്തി എന്നും എത്ര തുക അതിനായി ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ക്വാർട്ടേഴ്സുകളിലെ കുടുംബങ്ങളുടെ വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഈ കുടുംബങ്ങൾക്ക് പ്രത്യേകം ക്വാർട്ടേഴ്സ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുനരധിവസിപ്പിച്ച 700 കുടുംബങ്ങൾക്കും ക്വാർട്ടേഴ്സ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്)കൂടുതൽ അംഗസംഖ്യയുള്ള കുടുംബങ്ങൾക്ക് പ്രത്യേകം ക്വാർട്ടേഴ്സുകൾ നൽകുന്നതിലേയ്ക്കായി കമ്പനി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പണി നടന്നുവരുന്ന 32 ക്വാർട്ടേഴ്സുകൾ പണി പൂർത്തിയാവുന്ന മുറയ്ക്ക് വർക്കേഴ്സിന് താമസത്തിന് ലഭ്യമാക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly